(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 80 രൂപ മുതൽ 100 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്,. ടിംബർ-പ്ലൈവുഡ് മേഖലകളിൽ 5-1-1993-ലെ ജി.ഒ. (ആർ. റ്റി.) 58/93/ തൊഴിൽ നമ്പർ വിജ്ഞാപനം അനുസരിച്ചുള്ള മിനിമം വേതനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ വിജ്ഞാപനം അനുസരിച്ച് ഇപ്പോൾ കുറഞ്ഞ വേതനം 84.36 രൂപയും കൂടിയ വേതനം 95.36 രൂപയും ആണ്. ഈ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ

52 [2089] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം മുൻ സാമ്പത്തിക വർഷം എത്ര അപേക്ഷകൾ ഉണ്ടായിരുന്നു ; എത്ര പേർക്ക് എന്ത് തുക ധനസഹായമായി നൽകി ;

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം വിദ്യാഭ്യാസ ധനസഹായത്തിനായി 10057 അപേക്ഷകൾ ലഭിച്ചു. അതിൽ 6035 പേർക്കായി 37,21,447 രൂപ അനുവദിച്ചു.

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഓടു വ്യവസായ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

53 [2090] ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓടു വ്യവസായത്തിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) ഇവർക്ക് ഏതെങ്കിലും ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

---

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[9-3-2005-ലെ 52 (2089)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

1. മരണാനന്തര സഹായം :—ജോലിയിലിരിക്കെ മരണമടയുന്ന തൊഴിലാളികളുടെ അർഹരായ ആശ്രിതർക്ക് ₹ 2,500 വീതം നൽകുന്നു.

2. ചികിത്സാ ധനധനസഹായം :—ഗുരുതര രോഗം ബാധിച്ച അംഗങ്ങളായ തൊഴിലാളികൾക്ക് രോഗത്തിന്റെ അവസ്ഥ അനുസരിച്ച് 10,000 രൂപ വരെ ധനസഹായം നൽകി വരുന്നു.

3. വികലാംഗ തൊഴിലാളികൾക്കുള്ള സഹായം :—ജോലിയിലിരിക്കെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് അംഗവൈകല്യം ഉണ്ടായാൽ കൃത്രിമ ഉപകരണം വാങ്ങുന്നതിന് 5,000 രൂപ വരെ ധനസഹായം നൽകിവരുന്നു.

4. അന്ധ, ബധിര, മൂക, മന്ദർക്കുള്ള സഹായം :—തൊഴിലാളികളുടെ മക്കളിൽ അന്ധർ, ബധിരർ, മൂകർ, മന്ദബുദ്ധികൾ എന്നിവർക്ക് പ്രതിമാസം 100 രൂപ വീതം ധനസഹായം നൽകിവരുന്നു.

5. ലൈബ്രറി ഗ്രാന്റ് :—ഈ പദ്ധതി പ്രകാരം ഓരോ വർഷവും ഓരോ ജില്ലയിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള രണ്ട് ഗ്രന്ഥശാലകൾക്ക് ₹ 5,000 വരെ പുസ്തകങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നു.

6. ടൂർ സബ്സിഡി :—ബോർഡ് വക തേക്കടിയിലുള്ള തൊഴിലാളി വിശ്രമ കേന്ദ്രത്തിൽ സൗജന്യ നിരക്കിൽ താമസ സൗകര്യവും ഭക്ഷണവും നൽകുന്നതിനുപുറമെ അവിടെ പോകുന്ന തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും കിലോമീറ്ററിന് 15 പൈസ നിരക്കിൽ യാത്രാബത്തയും നൽകിവരുന്നു.

7. ഇവ കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം പ്ലാന്റേഷൻ മേഖലയിലെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ച് പ്രവർത്തനരഹിതമായി വിഹിതം അടയ്ക്കാതെ മുടക്കം വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് യൂണിഫോം വാങ്ങുന്നതിന്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്കും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ട്.

8. കുമളി ഹോളിഡേ ഹോം സൗകര്യം :—ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ കുമളിയിൽ പ്രകൃതിരമണീയമായ 7 ഏക്കർ ഫോറസ്റ്റ് ലാന്റിൽ സ്ഥിതി ചെയ്യുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ തൊഴിലാളി വിശ്രമ കേന്ദ്രത്തിൽ 135 പേർക്ക് ഒരേസമയം സൗജന്യ നിരക്കിൽ താമസവും സൗജന്യ നിരക്കിൽ ഭക്ഷണവും നൽകുന്നതിന് സൗകര്യമുണ്ട്. കൂടാതെ 1000 പേർക്ക് ഇരിക്കാവുന്ന ഒരു ആഡിറ്റോറിയവും തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly